➪ ആരാണ് എന്ന് ഞാൻ ചോദിച്ചിട്ടും മറുപടിയുണ്ടായിരുന്നില്ല ➪

**കേരളീയം റെയ്ഡ്: പ്രതികരണങ്ങൾ**


# അവ്യക്തതകൾ നിറഞ്ഞ ഒരു പോലീസ് റെയ്ഡ്

കേരളീയം റെയ്ഡ് ചെയ്യപ്പെട്ട രാത്രിയിലുണ്ടായ ദുരനുഭവങ്ങൾ പങ്കുവയ്ക്കുന്നു, കസ്റ്റഡിയിൽ എടുക്കപ്പെട്ട

**വിശ്വനാഥൻ ആലത്ത്**

**കേരളീയം** മുന്നോട്ട് വയ്ക്കുന്ന ആശയങ്ങളോട് യോജിച്ചും വിയോജിച്ചും കഴിഞ്ഞ കുറേ വർഷങ്ങളായി ഇവരോടൊപ്പം നിൽക്കുന്ന ഒരാളാണ് ഞാൻ. എന്റെ രണ്ടാം വീടുപോലെയാണ് ഞാൻ കേരളീയത്തെ കരുതുന്നത്. തൃശൂരിലെത്തിയാൽ കേരളീയത്തിൽ തന്നെയാണ് താമസിക്കാറുള്ളത്. ഓഫീസിലെ പരിമിതമായ സൗകര്യങ്ങൾ പങ്കുവച്ച് കടന്നുപോകാറുള്ള അനേകരിൽ ഒരാളാണ് ഞാൻ. ഇത്തരം ഒരു ദുരവസ്ഥ ഈ സ്ഥാപനത്തിന് നേരിടേണ്ടിവരുന്നു എന്നത് അങ്ങേയറ്റം ഖേദകരമാണ്.

ഡിസംബർ 22ന് രാവിലെയാണ് ഞാൻ കോഴിക്കോട് നിന്നും കേരളീയത്തിൽ എത്തുന്നത്. കയ്യിലുണ്ടായിരുന്ന ബാഗ് കേരളീയത്തിൽ വച്ച ശേഷം ഒരു സുഹൃത്തിനെ കാണുന്നതിനായി ഞാൻ കൊടുങ്ങല്ലൂരിലേക്ക് പോയി. ഉച്ചതിരിഞ്ഞാണ് മടങ്ങിയെത്തിയത്. ഡിസംബർ 23ന് വെളുപ്പിന് 5.55ന് തൃശൂരിൽ നിന്നും എടുക്കുന്ന പാസഞ്ചർ തീവണ്ടിയിൽ കോഴിക്കോട്ടേക്ക് മടങ്ങിപ്പോകണം എന്നാണ് കരുതിയിരുന്നത്. കുറേക്കാലം കൂടിയാണ് വരുന്നത് എന്നതിനാൽ കേരളീയത്തിന്റെ സുഹൃത്തുക്കളെയെല്ലാം കാണണമെന്നും പ്രവർത്തനങ്ങളുടെ സ്ഥിതി അറിയണമെന്നും ആഗ്രഹമുണ്ടായിരുന്നു. കൊടുങ്ങല്ലൂരിൽ നിന്നും ഞാൻ കേരളീയത്തിൽ തിരികെയെത്തുമ്പോൾ ഇവിടെ സന്തോഷ്, അജ്ലാൽ, ഡോ. ബ്രഹ്മപുത്രൻ, ഷെഫീക്ക്, ശരത് എന്നിവരാണുണ്ടായിരുന്നത്. വൈകുന്നേരമായപ്പോഴേക്കും ശരത്തും ഡോ. ബ്രഹ്മപുത്രനും ഷെഫീക്കും പോയി. എനിക്ക് ചില ആരോഗ്യപ്രശ്നങ്ങളുണ്ടായിരുന്നതിനാൽ രാത്രിയിൽ ഇവിടെ താമസിച്ചിട്ട് രാവിലെ പോകാം എന്നു തീരുമാനിച്ചു. അത്താഴം കഴിച്ച് ഞാൻ നേരത്തെ കിടന്നു. സന്തോഷും അജ്ലാലും ഏറെ വൈകിയാണ് കിടന്നത്. കൊതുകിന്റെ ശല്യമുണ്ടായിരുന്നതിനാൽ എനിക്ക് നന്നായി ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല. ഏകദേശം ഒരു മണി ആയതോടെയാണ് കതകിൽ മുട്ടുന്ന ശബ്ദം കേട്ടത്. ആരാണ് എന്ന് ഞാൻ ചോദിച്ചിട്ടും മറുപടിയുണ്ടായിരുന്നില്ല. മുട്ട് തത്കാലം നിന്നു. കുറച്ചുകഴിഞ്ഞ് വീണ്ടും മുട്ടിത്തുടങ്ങി. ആരാണ് എന്ന് ഞാൻ അപ്പോഴും ചോദിച്ചു. പക്ഷെ മറുപടിയൊന്നും പറഞ്ഞില്ല. സന്തോഷിനെയും അജ്ലാലിനെയും ബുദ്ധിമുട്ടിക്കേണ്ട എന്ന് കരുതി ഞാൻ വാതിൽ തുറക്കാൻ തീരുമാനിച്ചു. കേരളീയത്തിന്റെ ഏതെങ്കിലും സുഹൃത്തുക്കളായിരിക്കും എ



വിശ്വനാഥൻ ആലത്ത്

ന്ന് കരുതി വാതിൽ തുറന്നതും ഞങ്ങൾ പോലീസാണെന്ന് പറഞ്ഞുകൊണ്ട് അവർ ഉള്ളിലേക്ക് ഇരച്ചുകയറുകയായിരുന്നു. അനങ്ങാൻ കഴിയാത്തവിധം അവർ എന്നെ വളഞ്ഞുവച്ചു. എന്തോ അക്രമം പ്രതീക്ഷിച്ച് കടന്നുവന്നതുപോലെയായിരുന്നു അവരുടെ പെരുമാറ്റം. ഞാൻ കിടന്നിരുന്ന ഷീറ്റാണ് അവർ ആദ്യം പരതി നോക്കിയത്. എത്രപേരുണ്ടെന്നൊന്നും എനിക്ക് മനസ്സിലായില്ല. അകത്തും പുറത്തുമായി ഒരുപാട് പേരുണ്ടായിരുന്നു. പിന്നെ അവർ വിശദമായ ചോദ്യം ചെയ്യൽ തുടങ്ങി. നിങ്ങൾ എന്തിനാണ് കേരളീയത്തിൽ വന്നത്? നിങ്ങളുടെ ആരാണിവർ? ഇന്നെന്തിന് ഇവിടെ വന്നു? എന്നെല്ലാം വിശദമായി ചോദിച്ചു. കേരളീയം പ്രവർത്തകരെയും കൊടുങ്ങല്ലൂരിലുള്ള ഒരു സുഹൃത്തിനെയും കാണാനാണ് ഞാൻ വന്നതെന്ന് അവരോട് പറഞ്ഞു. കൊടുങ്ങല്ലൂരിൽ ആരെയാണ് കാണാൻ വന്നതെന്ന് ചോദിച്ചു. ഞാൻ മൂന്നാറിൽ ബാങ്ക് ഉദ്യോഗസ്ഥനായി ജോലി ചെയ്തിരുന്ന സമയത്ത് പരിചയമുള്ള ബാങ്ക് ഓഫ് കൊച്ചിന്റെ മാനേജറായിരുന്ന വി. കരുണാകരൻ എന്നയാളെ കാണാനാണ് വന്നതെന്ന് പറഞ്ഞു. അദ്ദേഹം ഇപ്പോൾ എന്തുചെയ്യുകയാണ് എന്ന് ചോദിച്ചു. പെൻഷനായി വീട്ടിലിരിക്കുകയാണ് എന്ന് പറഞ്ഞു. കൊടുങ്ങല്ലൂരിൽ എവിടെയാണ് എന്നതായിരുന്നു പിന്നീടുള്ള ചോദ്യം. കെ.കെ.ടി.എം കോളേജിനടുത്ത് എന്ന് ഞാൻ മറുപടി പറഞ്ഞു. കെ.കെ.ടി.എം കോളേജിനടുത്ത് എവിടെ എന്ന് വിശദമായി പറയാൻ അവർ ആവശ്യപ്പെട്ടു. കോളേജ് തന്നെ നല്ലൊരു അടയാളമാണ്, അതിൽ കൂടുതൽ വിശദീകരിക്കേണ്ടതുണ്ടോ എന്ന് ഞാൻ ചോദിച്ചു.

നിങ്ങൾ എപ്പോഴാണ് കേരളീയത്തിൽ തിരിച്ചെത്തിയത്? വന്നപ്പോൾ ഇവിടെ ആരെല്ലാം ഉണ്ടായിരുന്നു? എന്നൊക്കെയായിരുന്നു പിന്നീടുള്ള ചോദ്യങ്ങൾ. ഒരേ ചോദ്യങ്ങൾ പലരും മാറിമാറി ചോദിക്കാൻ തുടങ്ങി. ഞാൻ പറയുന്ന ഉത്തരങ്ങൾ ഒരിക്കൽ കേട്ടവർ തന്നെ അതേ ചേദ്യങ്ങൾ ആവർത്തിക്കാൻ തുടങ്ങി. ഒരാളുടെ ചോദ്യത്തിന് ഞാൻ മറുപടി കൊടുത്ത സമയത്ത് നിങ്ങൾ ഇതെല്ലാം പലതവണ കേട്ടതല്ലേ, പിന്നെയും എന്തിനാണ് വെറുതേ ആവർത്തിക്കുന്നതെന്ന് ഞാൻ ചോദിച്ചു. പറയുന്നതുകൊണ്ട് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ എന്നായിരുന്നു അപ്പോൾ അവരുടെ പ്രതികരണം.

കുറച്ച് കഴിഞ്ഞ് സിവിൽ ഡ്രസിലുള്ള ഒരാൾ ചോദ്യം ചെയ്യാൻ തുടങ്ങി. യൂണിഫോം ഇല്ലാത്തതിനാൽ താങ്കൾ ആരാണെന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. ഞാൻ ഫോഴ്സിന്റെ ഭാഗമാണ്, കാമ്പിലാണെന്ന് പറഞ്ഞു. സിവിൽ ഡ്രസിലുള്ള കുറേ ഉദ്യോഗസ്ഥർ അദ്ദേഹത്തിനൊപ്പമുണ്ടായിരുന്നു. ഞാൻ ഏത് രാഷ്ട്രീയ സംഘടനയിലാണ് പ്രവർത്തിക്കുന്നത് എന്നതായിരുന്നു അവരുടെ പ്രധാന ചോദ്യം? ഞാൻ പറഞ്ഞു, എനിക്ക് രാഷ്ട്രീയമുണ്ട്, നമുക്കെല്ലാവർക്കും രാഷ്ട്രീയമുണ്ട്. രാഷ്ട്രത്തെ സംബന്ധിച്ച് വേവലാതിയും ജനങ്ങളെ സംബന്ധിച്ച് വ്യഥയുമുള്ള എല്ലാവർക്കും രാഷ്ട്രീയമുണ്ട്. അത് എനിക്കും നിങ്ങൾക്കും ഉണ്ടായിരിക്കണം. എന്നാലും ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ അനുഭാവിയായിരിക്കുമല്ലോ എന്നായി അവരുടെ ചോദ്യം. ശരിയായ അർത്ഥത്തിലുള്ള രാഷ്ട്രീയ പാർട്ടി നമ്മുടെ നാട്ടിൽ ഉണ്ടെന്ന് കരുതുന്നില്ല എന്നാണ് ഞാൻ മറുപടി പറഞ്ഞത്.

ഇതേ സമയം തന്നെ കുറേ പോലീസുകാർ അജ്‌ലാലിനെയും സന്തോഷിനെയും ചോദ്യം ചെയ്യുന്നുണ്ടായിരുന്നു. അതെന്താണെന്ന് എനിക്ക് കേൾക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. അവരുടെ ലാപ്ടോപ്പും മൊബൈൽ ഫോണുമെല്ലാം പിടിച്ചുവാങ്ങി പരിശോധിച്ചു. എന്റെ ബാഗ് പരിശോധിച്ചപ്പോൾ

⇨ എനിക്ക് മൊബൈലും ലാൻഡ് ഫോണും ഇല്ലെന്ന് ഞാൻ പറഞ്ഞു ⇨



റെയ്ഡ് ചെയ്യപ്പെട്ട കേരളീയം ഓഫീസ്

അവർക്ക് അതിൽ നിന്നും ഒരു ട്രാൻസിസ്റ്റർ റേഡിയോ കിട്ടി. ഞാൻ എപ്പോഴും കൈയിൽ കരുതാറുള്ള ഒന്നാണത്. ഇത് റേഡിയോ ബോംബോ മറ്റോ ആണോ എന്നാണ് സിവിൽ ഡ്രസിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥൻ എന്നോട് ചോദിച്ചത്. എന്റെ മൊബൈൽ നമ്പർ പറയാൻ ആവശ്യപ്പെട്ടു. എനിക്ക് മൊബൈലും ലാൻഡ് ഫോണും ഇല്ലെന്ന് ഞാൻ പറഞ്ഞു. അതവർക്ക് വലിയ പ്രശ്നമായി. മൊബൈലും ലാന്റ്ഫോണും ഇല്ലാതെ താൻ എങ്ങനെയാണ് കമ്മ്യൂണിക്കേഷൻ നടത്തുന്നത് എന്നവർ ചോദിച്ചു. ഞാൻ അമ്പത് പൈസയുടെ പോസ്റ്റ് കാർഡാണ് കമ്മ്യൂണിക്കേഷനായി ഉപയോഗിക്കുന്നതെന്ന് പറഞ്ഞു. ഞാൻ പറയുന്നതിൽ അവർക്ക് വിശ്വാസം വരാത്തതുകൊണ്ടാണെന്ന് തോന്നുന്നു അവർ ബാഗെല്ലാം വലിച്ചുവാരി പരിശോധിച്ചു. പരിശോധന കുറേ നേരം തുടർന്നു. പിന്നെ ഞങ്ങളോട് സ്റ്റേഷനിലേക്ക് വരണമെന്ന് അവർ പറഞ്ഞു. എനിക്ക് അതിരാവിലെയുള്ള തീവണ്ടിയിൽ പോകേണ്ടതുണ്ടെന്ന് ഞാൻ പറഞ്ഞു. സ്റ്റേഷനിൽ പോകാതെ പറ്റില്ല, ബാക്കി കാര്യങ്ങൾ അവിടെ ചെന്നിട്ട് ആലോചിക്കാം എന്നായിരുന്നു മറുപടി.

അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസാണ് സ്റ്റേഷനിൽ വച്ച് പ്രധാനമായും ചോദ്യം ചെയ്തത്. കേരളീയത്തിൽ വച്ച് ചോദിച്ച അതേ കാര്യങ്ങൾ സ്റ്റേഷനിൽവച്ചും അവർ ആവർത്തിച്ചു. അതിനെല്ലാം ഞാൻ മറുപടി കൊടുത്തു. പിന്നെ ഞങ്ങൾ മൂന്ന് പേരുടെയും മൊഴിയെടുത്തു. മൊഴിയെടുത്തതിന്റെ പകർപ്പ് ചോദിച്ചപ്പോൾ ആദ്യം തരാൻ പറ്റില്ല എന്നാണ് സിവിൽ പോലീസ് ഓഫീസർ പറഞ്ഞത്. അപ്പോഴേക്കും നേരം വെളുത്തിരുന്നു. എന്തായിരുന്നു റെയ്ഡിന്റെ ഉദ്ദേശം എന്ന് ഞാൻ അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസിനോട് ചോദിച്ചു. സിറ്റി പോലീസ് കമ്മീഷണറുടെ നിർദ്ദേശം അനുസരിച്ചാണ് ചോദ്യം ചെയ്തത് എന്നാണ് അദ്ദേഹം പറഞ്ഞത്. നാട്ടിൽ പലയിടത്തും മാവോയിസ്റ്റുകൾ ചില അക്രമങ്ങൾ നടത്തിയതിനെ തുടർന്നുള്ള സംശയത്തിന്റെ അടിസ്ഥാനത്തിലാണ് നിങ്ങളെ പിടിച്ച് ചോദ്യം ചെയതത്, ഇനി നിങ്ങൾക്ക് പോകാം എന്നും അദ്ദേഹം പറഞ്ഞു. റെയ്ഡിന്റെ ഉദ്ദേശം എന്താണെന്ന് വ്യക്തമാക്കാതെ ഞങ്ങൾ പോകില്ല എന്ന് അപ്പോൾ അജ്ലാൽ പറഞ്ഞു. അതോടെ അതുവരെയുണ്ടായിരുന്ന പോലീസിന്റെ സംസാരരീതി മാറി. ഇതുവരെ മാന്യമായാണ് സംസാരിച്ചത്. ഇനി എന്റെ മുഖം മാറും. അറസ്റ്റ് രേഖപ്പെടുത്തി നിങ്ങളെ കോടതിയിൽ ഹാജരാക്കും എന്നെല്ലാം എ.സി.പി പറഞ്ഞു. കുറച്ച് കഴിഞ്ഞപ്പോഴേക്കും കേരളീയത്തിന്റെ പ്രവർത്തകരും സുഹൃത്തുക്കളും സ്റ്റേഷനിൽ എത്തുകയും അവരുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ഞങ്ങളെ വിട്ടയയ്ക്കാൻ തീരുമാനിക്കുകയുമായിരുന്നു. കേരളീയത്തിന്റെ ഓഫീസിൽ നിന്നും അവർ ചില മാസികകളും നോട്ടീസുമെല്ലാം എടുത്തിരുന്നു. അതിന്റെ ലിസ്റ്റ് തരണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. ലിസ്റ്റ് തയ്യാറാക്കാനായി നോക്കിയപ്പോൾ എടുത്തുകൊണ്ടുപോയ സാധനങ്ങൾ അവിടെ കാണാനുണ്ടായിരുന്നില്ല. മൊബൈൽ ഫോണും ഓഫീസിന്റെ താക്കോലും മാത്രം ഒരു പോലീസുകാരന്റെ കൈവശമുണ്ടായിരുന്നു. കോപ്പികൾ കാണാനില്ല. എവിടെയാണ് കോപ്പികൾ വച്ചിരിക്കുന്നതെന്ന് വേറെ ഏതോ പോലീസ് ഉദ്യോഗസ്ഥനോട് വിളിച്ച് ചോദിച്ച് കണ്ടുപിടിച്ചാണ് ഒടുവിൽ അവർ ലിസ്റ്റ് തന്നത്. ഇത്രയുമാണ് അന്ന് സംഭവിച്ച കാര്യങ്ങൾ ഞാൻ ഓർമ്മിക്കുന്നത്. ■